# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ-ആസ്ഥാനകാര്യാലയം-പ്ലാനിംഗ് വിഭാഗം- 28 Fast Track POCSO കോടതികളിൽ വീഡിയോ കോൺഫറൻസിങ് സ്ഥാപിച്ച പദ്ധതി(ഒന്നാം ഘട്ടം)- വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) GO (Ms) No.153/2018/Home തീയതി. 03.10.2018
(2) വകുപ്പും കെൽട്രോണുമായുള്ള 31.01.2019 ലെ ഉടമ്പടി
(3) 29.03.21 ലെ ഇതേ നമ്പർ വർക്ക് ഓർഡർ
(4) 30/11/22 ലെ ബഹു കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിൻറെ D7 A(1)-56450/2018/D7(B)/DII-3 നമ്പർ കത്ത്
(5) 19.11.22 ലെ കെൽട്രോണിൽ നിന്നുള്ള TVM/ITBG/IIS/PC/AB/217/22-23 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ. P2-26270/2020/PrHQ; തീയതി : 09-12-2022</u>**

സംസ്ഥാനത്തെ കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുകൊണ്ടു വി സി സംവിധാനം സ്ഥാപിക്കുന്നതിന് കെൽട്രോണുമായുള്ള പരാമർശം(2) ലെ ഉടമ്പടിയിലെ വ്യവസ്ഥകൾ അനുസരിച്ച് 28 Fast Track POCSO കോടതികളിൽ വീഡിയോ കോൺഫെറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനായി പരാമർശം(3) പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിരുന്നു. കെൽട്രോണുമായി ഒപ്പുവച്ചിട്ടുള്ള കരാർ പ്രകാരം ഓരോ ഘട്ടത്തിലും സപ്ലൈ പൂർത്തിയാക്കിയശേഷം 60% തുക, ഇൻസ്റ്റലേഷൻ പൂർത്തിയാക്കി കമ്മിറ്റിയുടെ പരിശോധനയ്ക്കും ശേഷം 30% തുക, ബാക്കിയുള്ള 10% തുക എല്ലാ ലൊക്കേഷനുകളിലും ഇൻസ്റ്റലേഷൻ പൂർത്തിയായശേഷവും നൽകണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഉടമ്പടി അനുസരിച്ച് ഭരണാനുമതി തുകയുടെ 60 ശതമാനം ആദ്യ ഗഡുവായി കെൽട്രോണിന് അനുവദിച്ചു നൽകിയിരുന്നു. അടുത്ത ഘട്ടമായി കെൽട്രോണിന് ബാക്കി തുക അനുവദിക്കുന്നതിനു മുമ്പായി ടി സംവിധാനം സ്ഥാപിച്ചിട്ടുള്ളത് തൃപ്തികരമാണോയെന്നുള്ള ഫിസിക്കൽ വെരിഫിക്കേഷൻ റിപ്പോർട്ട് ആവശ്യമാണ്. ടി 28 Fast Track POCSO കോടതികളിലും വീഡിയോ കോൺഫെറൻസിംഗ് ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയായ സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിന് വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്.ആയതിലേയ്ക്കായി ബന്ധപ്പെട്ട കോടതികളുടെ പ്രതിനിധികളെ നാമനിർദ്ദേശം ചെയ്ത് പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതിയിൽ നിന്നും കെൽട്രോണിൽ നിന്നുള്ള പ്രതിനിധിയുടെ നാമനിർദ്ദേശം പരാമർശം (5) പ്രകാരം കെൽട്രോണിൽ നിന്നും അറിയിച്ചിട്ടുള്ളതാകുന്നു.

പ്രസ്തുത സാഹചര്യത്തിൽ ഒന്നാം ഘട്ടമായി 28 Fast Track POCSO കോടതികളിൽ സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫെറൻസിംഗ് സംവിധാനത്തിൻറെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നതിന് ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

ശ്രീ.രാജീവ് റ്റി. ആർ, ജോയിൻറ് സൂപ്രണ്ട് - ടെക്നിക്കൽ സെൽ,ജയിലാസ്ഥാനകാര്യാലയം
ശ്രീ. സുമന്ത്. വി എസ്- വെൽഫെയർ ഓഫീസർ Gr I- ടെക്നിക്കൽ സെൽ,ജയിലാസ്ഥാനകാര്യാലയം
ശ്രീ മനു.ആർ ജി -കെൽട്രോൺ പ്രതിനിധി
ശ്രീമതി.എ ജി നിഷാദേവി-ശിരസ്തദാർ,തിരുവനന്തപുരം ജില്ല
ശ്രീ പി. സന്തോഷ്കുമാർ-ശിരസ്തദാർ,കൊല്ലം ജില്ല
ശ്രീ. വർഗീസ് അബ്രഹാം -ശിരസ്തദാർ,ആലപ്പുഴ ജില്ല
ശ്രീ.സാംകുട്ടി മാമ്മൻ -ശിരസ്തദാർ,പത്തനംതിട്ട ജില്ല
ശ്രീ.ജൂബെറ്റ് ജെ -ശിരസ്തദാർ,ഇടുക്കി ജില്ല
ശ്രീ.വാസുദേവൻപിള്ള .പി. ആർ -ശിരസ്തദാർ,കോട്ടയം ജില്ല
ശ്രീ.ധിനുലാൽ കെ.ജി- ശിരസ്തദാർ,എറണാകുളം ജില്ല
ശ്രീമതി. രാധിക എസ്- ശിരസ്തദാർ,തൃശ്ശൂർ ജില്ല
ശ്രീ ഇ.എ. ദിനേശ്കുമാർ - ശിരസ്തദാർ,പാലക്കാട് ജില്ല
ശ്രീമതി.മൃദുല. ആർ , ശിരസ്തദാർ,മലപ്പുറം ജില്ല
ശ്രീ.എം സുരേഷ്ബാബു -ശിരസ്തദാർ,കോഴിക്കോട് ജില്ല
ശ്രീമതി.ലേഖ.കെ - ശിരസ്തദാർ,വയനാട് ജില്ല
ശ്രീ.ബിജു.കെ. എസ്- ശിരസ്തദാർ,കണ്ണൂർ ജില്ല
ശ്രീ.ടി കെ അനിൽകുമാർ - ശിരസ്തദാർ,കാസറഗോഡ് ജില്ല

ടെക്നിക്കൽ സെൽ പ്രതിനിധികൾ,കെൽട്രോൺ പ്രതിനിധി എന്നിവർ അതതു ജില്ലയിലെ കോടതി പ്രതിനിധികളെയും ഉൾപ്പെടുത്തി ഓരോ ജില്ലയിലെയും Fast Track POCSO കോടതികളിൽ പരാമർശം(3) പ്രകാരം സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫെറൻസിംഗ് സംവിധാനത്തിൻറെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

P2-26270/2020/PrHQ 180a8c

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : ശ്രീ.രാജീവ് റ്റി. ആർ, ജോയിൻറ് സൂപ്രണ്ട് - ടെക്നിക്കൽ സെൽ,ജയിലാസ്ഥാനകാര്യാലയം
ശ്രീ. സുമന്ത്. വി എസ്- വെൽഫെയർ ഓഫീസർ- ടെക്നിക്കൽ സെൽ,ജയിലാസ്ഥാനകാര്യാലയം
ശ്രീ മനു.ആർ ജി -കെൽട്രോൺ പ്രതിനിധി

പകർപ്പ് : 1.രജിസ്ട്രാർ ജനറൽ(റിക്രൂട്ട്മെൻറ് & കമ്പ്യൂട്ടറൈസേഷൻ),
കേരള ഹൈക്കോടതി,
എറണാകുളം

2.മാനേജിംഗ് ഡയറക്ടർ,
കെൽട്രോൺ,
വെള്ളയമ്പലം, തിരുവനന്തപുരം

പ്രോഗ്രാം ഓഫീസർ
ജൂനിയർ സൂപ്രണ്ട്,പ്ലാനിംഗ് സെക്ഷൻ